# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1226** — **04.02.2019-ൽ മറുപടിക്ക്**

## മലയാളം പാരലൽ ഡിവിഷൻ

| **ചോദ്യം**<br>**ശ്രീ. കെ. കുഞ്ഞിരാമൻ** | **ഉത്തരം**<br>**പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ കന്നഡ മീഡിയം സ്കൂളുകളിൽ പി.ടി.എ. യുടെ ആവശ്യപ്രകാരം മലയാളം പാരലൽ ഡിവിഷനുകൾ അനുവദിച്ചിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരത്തിൽ മലയാളം പാരലൽ ഡിവിഷനുകൾ അനുവദിച്ച സ്കൂളുകളിൽ അതിന് ആനുപാതികമായി അദ്ധ്യാപക തസ്തികകൾ അനുവദിച്ച് നൽകാത്ത-തിനാൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ കഴിയാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശാംശങ്ങൾ അറിയിക്കാമോ; | (ബി) ഉണ്ട്. ആകെ 8 അധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ല.<br>മഞ്ചേശ്വരം - 2 – ബാഡൂർ പദവ് എ.എൽ.പി. സ്കൂൾ<br>കുമ്പള - 1 – എസ്.ഡി.പി.എ.യു.പി. സ്കൂൾ, ബൻപത്തടുക്ക<br>കാസർഗോഡ്- 5 – കെ.എം.എ.യു.പി. സ്കൂൾ, കല്ലക്കട്ട |
| (സി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പരിഗണനയിലുള്ള എ.എൽ.പി. സ്കൂൾ ബഡൂർ പടവ്, എ.യു.പി. സ്കൂൾ കുന്താർ എന്നിവയുമായി ബന്ധപ്പെട്ട F2/204/18/G.Edn., F2/20/19/G.Edn. എന്നീ ഫയലുകളിൽ എന്ത് തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) എ.എൽ.പി. സ്കൂൾ ബാഡൂർ പദവ്-ൽ മലയാളം മീഡിയം പാരലൽ ഡിവിഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് G.Edn./F2/204/18/G.Edn., നം. ഫയലിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ, മഞ്ചേശ്വരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരോട് 29.06.2018 - ലെ സർക്കാർ കത്തു പ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.<br>എ.യു.പി. സ്കൂൾ കുന്താറുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ ഫയലൊന്നും സർക്കാരിന്റെ മുന്നിൽ പരിഗണനയിലില്ല. G.Edn/F2/20/19/G.Edn. എന്ന നമ്പർ ഫയൽ ന്യൂനപക്ഷ പദവി നൽകുന്നതുമായി ബന്ധപ്പെട്ടതാണ്. |

Hema.V

സെക്ഷൻ ഓഫീസർ